# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം 6/ 61/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം 6/ 61/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

2. ശ്രീ.അബ്ദുസ്സലാം പി(സീനിയർ ഗ്രേഡ് ഓഡിറ്റർ)

3. ശ്രീ.മുഹമ്മദ് നൗഷാദ്.എ.കെ (ഓഡിറ്റർ)

4. ശ്രീമതി ഹസ്ന വിസി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജിഷ സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇ.ആർ ഓമന അമ്മാൾ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റൈഹാനത്ത് യു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ഗ്രേസ് എം ആർ | വെറ്ററിനറി സർജൻ | 01-04-2021 | 06-09-2021 |
| ഡോ സന്ധ്യ ടി പി | വെറ്ററിനറി സർജൻ | 07-09-2021 | 31-03-2023 |
| ഡോ അബ്ദുൽ ജബ്ബാർ കെ ഇ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ ബിന്ദു കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സുധീർ എ.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ബാസിമ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നസീമ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-12-2021 |
| ശ്രീമതി നൗഷ കെ എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-01-2022 | 31-03-2022 |
| ശ്രീ.സുബ്രഹ്മണ്യൻ പാട്ടുകണ്ണി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജമീല മുംതാസ് പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ രതീഷ് വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി സീനത്ത് കെ | അസി. സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ അബ്ദുൽ ഗഫൂർ ടി | അസി. സെക്രട്ടറി | 09-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ -ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | സാമ്പത്തിക വിശകലനം. | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 14 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ചെയ്യാതെ വസ്തു നികുതി നിർണ്ണയിച്ചു. | 1-12 |
| 15 | തൊഴിൽ നികുതി- അപാകതകൾ | 1-13 |
| 16 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-14 |
| 17 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-15 |
| 18 | എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ | 1-16 |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-17 |
| 20 | മൃഗാശുപത്രിക്ക് പ്രിന്റർ വാങ്ങൽ - സ്റ്റോക്ക് അപാകതകൾ | 1-18 |
| 21 | മെഡിക്കൽ ഓഫീസർ(എഫ് എച് സി) നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്റ്റുകളിൽ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-19 |
| 22 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി. | 1-20 |
| 23 | തെരുവു വിളക്കുകളുടെ പരിപാലനം - രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല. | 1-21 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-22 |
| 25 | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ ( 289/22) | 1-22-1 |
| 26 | ഊർങ്ങാട്ടിരി മൃഗാശുപത്രിക്ക് കുഴൽകിണർ (260/22 ) | 1-22-2 |
| 27 | PMAY വിഹിതം- ഉപയോഗിക്കാത്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമല്ല | 1-23 |
| 28 | PMAY വിഹിതം അടവാക്കൽ (ജനറൽ)- 304/22 | 1-23-1 |
| 29 | PMAY വിഹിതം അടവാക്കൽ (SC) 305/22 | 1-23-2 |
| 30 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - വിഹിതം | 1-24 |

| | | |
|---|---|---|
| | അടവാക്കൽ (343/22 )- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല. | |
| 31 | സ്ലീറ്റ് ടാപ്പ്- വാട്ടർ ചാർജ്ജ് കുറക്കുന്നതിന് നടപടി സ്വീകരിക്കണം | 1-25 |
| 32 | ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-26 |
| 33 | നമ്പർ നൽകിയ കെട്ടിടങ്ങൾ - പഞ്ചായത്ത് രേഖയിൽ ഇല്ല | 1-27 |
| 34 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. | 1-28 |
| 35 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-29 |
| 36 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ. | 1-30 |
| 37 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 2/ 20.02.2021 | (1)/24.03.2022 |

### 1-1-1 ബജറ്റ് തയ്യാറാക്കൽ -ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 18.02.21ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 20.02.2021 ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ214 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.
കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (1)പ്രകാരം – ജനുവരി 15 നമുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ച് വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും നിർദ്ദേശങ്ങൾ ഒന്നും തന്നെ സമർപ്പിച്ചതായി കാണുന്നില്ല.
ഉദ്യോഗസ്ഥരുടേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വിശദമായ നിർദ്ദേശങ്ങൾ ഇല്ലാതെ ബജറ്റ് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/13.01.23) 22-23 വർഷത്തെ ബജറ്റ് രൂപീകരണത്തിന് നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട് എന്നും തുടർവർഷങ്ങളിലും പാലിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2022 | 21.08.2022 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 34708306.71 |
| വരവ് | 120082742 |
| ആകെ | 154791048.71 |
| ചെലവ് | 108462821 |
| നീക്കിയിരിപ്പ് | 46328227.71 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29744252 | 29744252 | 28337601 | 1406651 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7715266 | 7715266 | 7326693 | 388573 |
| വികസനഫണ്ട് ടി.എസ്.പി | 0 | 3069842 | 3069842 | 2319433 | 750409 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10723000 | 10723000 | 8686924 | 2036076 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10233471 | 10233471 | 776300 | 2469771 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 5727000 | 5727000 | 3128555 | 2598445 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 17391300 | 17391300 | 9816304 | 7574996 |
| ബി ഫണ്ട് | 0 | 99510280 | 99510280 | 99510280 | 0 |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ

1) ചുവടെ ചേർത്ത ഫണ്ടുകൾ ചെലവ്, നീക്കിയിരിപ്പ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്-ജനറൽ | 28337601 | 30756878 | 1406651 | (-)1012626 |
| വികസന ഫണ്ട്-SCP | 7326693 | 7596445 | 388573 | 118821 |
| വികസന ഫണ്ട്-TSP | 2319433 | 2379538 | 750409 | 690304 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പുമാണ്.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 5981280 | -5981280 |
| SSS | 1122569 | -1122569 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 304 | 145598538 | 232 | 90687682 | 0 | 72 | 76.31 |

## 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)11/2018/LSGD Dt 29.01.2018, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1)പഞ്ചായത്ത് തല ആസൂത്രണ സമിതി പ്രവർത്തനക്ഷമമല്ല

പഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നതിനാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണ സമിതി രൂപീകരിച്ചുവെങ്കിലും പദ്ധതി ആസൂത്രണം നിർവഹണം , വിലയിരുത്തൽ എന്നീ അടിസ്ഥാന ചുമതലകൾ നിറവേറ്റുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

2)വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

പഞ്ചായത്തിൽ ആകെ 10 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 21-22 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ 2 യോഗങ്ങളാണ് ചേർന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല.

3.സ്റ്റാറ്റസ് റിപ്പോർട്ട് സമഗ്രമല്ല.

പഞ്ചായത്ത് അംഗീകരിച്ച 21-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. പഞ്ചായത്തിലെ വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയോ അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസരിച്ചല്ല തൻവർഷത്തെ പ്രൊജക്ടുകൾതയ്യാറാക്കിയിരിക്കുന്നത് എന്നും വ്യക്തമായി.

4)വികസന സെമിനാർ - ലക്ഷ്യം നിറവേറ്റുന്നില്ല

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 25.02.21 തിയ്യതിയിൽ നടക്കുകയുണ്ടായി. വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ

നൽകുക എന്ന ലക്ഷ്യം വികസന സെമിനാർ നിറവേറ്റിയിട്ടില്ല.

പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്ത് ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും ഒഴികെയുള്ള പൊതുജനങ്ങളുടെ പങ്കാളിത്തവും തയ്യാറാക്കുന്ന പ്രൊജക്ടുകളുടെ ആവശ്യകതയും ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15677 | 1191032 | 1206709 | 673283 | 533426 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 36195117 | 36195117 | 36195117 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15480 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 12861600 | 627 |
| വിധവാപെൻഷൻ | 29304400 | 1490 |
| വാർദ്ധക്യകാലപെൻഷൻ | 44609300 | 2374 |
| വികലാംഗപെൻഷൻ | 11515900 | 598 |
| വിവാഹ ധന സഹായം | 570000 | 19 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 633600 | 33 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5312/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2021-22 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല (ഖണ്ഡിക 1-28 )
- കെട്ടിട നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളും ഗ്രാമപ്പഞ്ചായത്തിന്റെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. (ഖണ്ഡിക 1-27 )
- അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
- ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. (ഖണ്ഡിക 1-21)
- കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഖണ്ഡിക 1-21 )
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
- വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.(ഖണ്ഡിക 1-5-1)
- വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല. (ഖണ്ഡിക 1-5-1 )

- ബജറ്റ് തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. (ഖണ്ഡിക 1-1-1 )
- സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമപ്പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.
- വിവിധ നിർവഹണോദ്യോഗസ്ഥർ ( അസിസ്റ്റന്റ് എഞ്ചിനിയർ, ICDS സൂപ്പർവൈസർ) കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. (ഖണ്ഡിക 1-29, 1-15 )
- അസിസ്റ്റന്റ് എഞ്ചിനിയർ, ICDS സൂപ്പർവൈസർ എന്നീ നിർഹണോദ്യോഗസ്ഥരുടെ സ്പെഷ്യൽ TSB അക്കൗണ്ടിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു (ഖണ്ഡിക 1-29, 1-15 )

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/11/2022 | 04/22 മുതൽ 10/22 | 04.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.05.2015 | 2010-11 മുതൽ 2014-15 വരെ | 23-12-2015 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 4411281 | 4411281 | 3606338+18582(Book Adjust) | 3624456 | 781778 | 782923 |
| കുടിശ്ശിക | 1183751 | 1200032 | 761101 | 761101 | 441138 | 440439 |

2) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മുന്നിരിപ്പ്(RP40 A) തുകയും(15677) ബാങ്ക് പാസ്സ്ബുക്കിലെ മുന്നിരിപ്പുമായും(16927) പൊരുത്തപ്പെടുന്നില്ല.

4) ലേലം ഇനത്തിൽ RP5പ്രകാരം 50800/- രൂപ വരവുണ്ട്. മേൽ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ലേലം രജിസ്റ്ററിൽ 2021-22ലെ വിവരങ്ങൾ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) 2011 ലെ കേരള പഞ്ചായത്തി രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(2) പ്രകാരമുള്ള കുറിപ്പുകൾ 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.08/2021-22/07.01.2023ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കാത്തതും മറ്റുമായുള്ള അപാകതകൾ പരിഹരിച്ചത് പരിഗണിച്ചതിന് ശേഷമുള്ള അപാകതകൾ മാത്രമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശേഷിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ചെയ്യാതെ വസ്തു നികുതി നിർണ്ണയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വസ്തു നികുതി സംബന്ധിച്ച പരിശോധന നടത്തയതിൽ, ശ്രീ. അശോക് കുമാർ സി, കരടെപള്ളിൽ എന്നവർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ നിർമ്മിച്ച 159.1 ച.മീ. വിസ്തീർണ്ണമുള്ള ഇരുനില വാണിജ്യ കെട്ടിടത്തിന് 3/323 E മുതൽ K വരെ കെട്ടിട നമ്പറുകൾ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

കെട്ടിടം സ്ഥിതി ചെയ്യുന്നത് അരീക്കോട് - ഓടക്കയം റോഡിൽ , വെറ്റിലപ്പാറ അങ്ങാടിക്ക് അടുത്ത് വെറ്റിലപ്പാറ – ഒതായി റോഡ് ആരംഭിക്കുന്ന സ്ഥലത്ത് മേൽ രണ്ട് റോഡുകൾക്കും സമീപത്തായാണ്. അപ്രൂവ്ഡ് പ്ലാൻ പ്രകാരം മേൽ രണ്ട് റോഡുകളും 5 മീറ്ററിലധികം വീതിയുള്ളവയാണ്(യഥാക്രമം 12 മീറ്റർ, 6 മീറ്റർ). എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ സഞ്ചയയിൽ റോഡിന്റെ തരം '1.5 മീറ്ററിൽ കൂടുതൽ' എന്ന് തെറ്റായി രേഖപ്പെടുത്തി സർക്കാർ ഉത്തരവ് പ്രകാരമുള്ള, 5 മീറ്ററിലധികം വീതിയുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20%നികുതി വർദ്ധനവ് ചെയ്യാതെയാണ് വസ്തു നികുതി നിർണ്ണയിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(നികുതി നിരക്ക്-50/- രൂപ/ച.മീ, പ്രഥമ മേഖല- നികുതി ഇളവ് ഇല്ല)

| നില | ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|
| താഴത്തെ നില | 1 | 3/323 E | 26.08 | 1304 | 1565/- ((26.08x50)+20%=1565) | 261 |
| | 2 | 3/323 F | 14.27 | 714 | 857/- ((14.27x50)+20%=857) | 143 |
| | 3 | 3/323 G | 15.49 | 775 | 930/- ((15.49x50)+20%=930) | 155 |
| | 4 | 3/323 H | 16.39 | 820 | 984/- ((16.39x50)+20%=984) | 164 |
| ഒന്നാം നില (5% നികുതി ഇളവ്) | 5 | 3/323 I | 30.5 | 1449 | 1739/- (((30.5x50)+20%)-5%=1739) | 290 |
| | 6 | 3/323 J | 29.45 | 1400 | 1679/- (((29.45x50)+20%)-5%=1679) | 279 |
| | 7 | 3/323 K | 26.92 | 1279 | 1535/- (((26.92x50)+20%)-5%=1535) | 256 |
| ആകെ | | | 159.1 | 7741 | 9289 | 1548 |

വസ്തു നികുതിയിനത്തിൽ ആകെ 1548 രൂപ നികുതി നഷ്ടവും ആനുപാതിക നഷ്ടം ലൈബ്രറി സെസ്സിലും സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.32/2021-22/13.01.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്

## 1-13 തൊഴിൽ നികുതി- അപാകതകൾ

2021-22 വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(1) ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിനു ചുമത്താവുന്ന നികുതി എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് /സ്ഥാപനം | റിട്ടേൺ പ്രകാരം അർദ്ധവാർഷിക വരുമാനം | അടവാക്കിയ തൊഴിൽ നികുതി | യഥാർത്ഥത്തിൽ അടവാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| നീതു (സ്റ്റാഫ് നേഴ്സ്)/ CHC Urangattiri Contract Staff | 102000 (ഒന്നാം അർദ്ധവർഷം) | 750 | 1000 | 250 |
| ദിലീപ് (Physio Therapist)/ CHC Urangattiri Contract Staff | 120000 (ഒന്നാം അർദ്ധവർഷം) | 750 | 1000 | 250 |
| രമ്യ (സ്റ്റാഫ് നേഴ്സ്) / CHC Urangattiri Contract Staff | 102000 (ഒന്ന് & രണ്ട് അർദ്ധവർഷം) | 750 | 1000 | 250 |

2. തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ വിശദാംശങ്ങൾ

പരിശോധിച്ചതിൽ 15-ാം വാർഡിൽ മജ്മഅ് എന്ന പേരിൽ ഒരു സ്കൂൾ പ്രവർത്തിക്കുന്നതായി വ്യക്തമായിട്ടുണ്ട് (കെട്ടിട നമ്പർ- 15/326 C, 15/326 D, 15/326 E). എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി(20/11.01.23)യുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 1 ൽ പരാമർശിച്ച തൊഴിൽ നികുതിയിൽ കുറവുവന്ന തുക 12.01.23 ലെ 1220103137 നമ്പർ രശീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ക്രമനമ്പർ 2 ലെ സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടവാക്കുന്നതിന്റെ കൃത്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും ക്രമനമ്പർ 2 ലെ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെസ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ, ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 15ാം വാർഡിൽ പ്രവർത്തിക്കുന്ന മജ്മഅ് എന്ന വിദ്യാഭ്യാസ സ്ഥാപനം 2021-22, 2022-23 എന്നീ അധ്യായന വർഷത്തേക്ക് പഞ്ചായത്തിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/13.01.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ സ്കൂളുകളും ഫിറ്റ്നസ് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002949 നമ്പർ അക്കൗണ്ടിൽ 4,54,281 രൂപയും SBI അരീക്കോട് ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള 67241568812 നമ്പർ അക്കൗണ്ടിൽ (ഇ - ടെണ്ടർ ഫീ) 59,044 രൂപയും 31.03.2022 ന് ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതിയ 31.03.2022 വരെയുള്ള കാഷ് ബുക്കിൽ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി, ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.01.2023) ലഭ്യമാക്കിയ മറുപടിയിൽ സബ് ട്രഷറിയിൽ ഉള്ള അക്കൗണ്ടിൽ 43,540 രൂപ മാത്രമാണ് നിലവിൽ ബാലൻസ് ഉള്ളത് എന്നും, ഇ ടെണ്ടർ ഫീ ഇനത്തിൽ അക്കൗണ്ടിൽ ബാക്കിയുള്ള തുക സെക്രട്ടറിക്ക് കൈമാറുന്നതിന് നടപടി സ്വീകരിച്ച് വരുന്നു എന്നും വിശദീകരിച്ചിട്ടുണ്ട്.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകേണ്ടതും, പ്രസ്തുത തുകകൾ ക്യാഷ് ബുക്കിൽ ചേർക്കേണ്ടതുമാണ്.

## 1-16 എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഊർങ്ങാട്ടിരി പഞ്ചായത്തിലെ വിവിധ എയ്ഡഡ് എൽ.പി /യു.പി സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം (238/22) എന്ന പ്രൊജക്ട് പ്രകാരം 4 എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ആകെ ചെലവ് തുക : 10,40,049 രൂപ

തൻവർഷ ചെലവ് തുക : 5,92,468 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)

വൗച്ചർ നമ്പർ : 22100757/01.12.2021

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനല്യകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. എയ്ഡഡ് എൽ.പി /യു.പി സ്കൂളുകൾ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളല്ല. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനല്യകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

സർക്കാർ സ്കൂളുകളിലെ ടോയ്‌ലെറ്റ് സൗകര്യങ്ങൾ സംബന്ധിച്ച് ഉത്തരവാദപ്പെട്ട അധികാരികളിൽനിന്നുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്നാണ് കാണുന്നത്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഓരോ സർക്കാർ സ്കൂളിലും ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്‌ലറ്റ് | |
|---|---|---|
| | ആൺ | പെൺ |
| GUPS ചുണ്ടത്തുംപൊയിൽ | 2 | 2 |
| GUPS മൂർക്കനാട് | 5 | 5 |
| GLPS തച്ചണ്ണ | 4 | 3 |
| GLPS തെഞ്ചീരി | 2 | 3 |

കൂടാതെ GLPS പാവണ്ണ ഒഴികെ മറ്റെല്ലാ സർക്കാർ സ്കൂളുകളിലും ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളും കുറവുണ്ട് എന്നാണ് കാണുന്നത്.

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുത്ത് പണം ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കി

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലെറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്‌ലറ്റുകൾ യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്‌ലറ്റിന് പ്രൊജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

4) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

5) ടോയ്‌ലെറ്റ് ആവശ്യമില്ല എന്ന് മാനേജ്മെന്റ് അറിയിച്ചിട്ടും ടോയ്‌ലറ്റ് നിർമ്മിച്ച് നൽകി

മേൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 24.04.2020 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ 4 ടോയ്‌ലെറ്റുകളുടെ നിർമ്മാണം നടത്തേണ്ടിയിരുന്ന തെരട്ടമ്മൽ എ.എം.യു.പി സ്കൂളിൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും, മാത്രവുമല്ല നിലവിൽ സ്കൂൾ മാനേജ്മെന്റ് ടി സ്കൂളിൽ പ്രവൃത്തി ചെയ്യേണ്ടതില്ല എന്ന് അറിയിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഭരണസമിതിക്ക് നൽകിയ 28.04.2021 ലെ 78/AE/URG/2021 നമ്പർ കത്തിൽ ടി സ്കൂളിലെ വർക്ക് ഒഴിവാക്കി മറ്റ് മൂന്ന് സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നതിന് ഭരണയമിതിക്ക് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്കൂളിലും 3 ടോയ്‌ലറ്റുകൾ നിർമ്മിച്ച് തുക അനുവദിച്ചിട്ടുണ്ട്. മാനേജ്മെന്റിന്റെ അനുമതിയോ അനുവാദമോ ഇല്ലാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് ഇത്തരം പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/11.01.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നൽകുമ്പോൾ മാർഗ്ഗരേഖ നിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 141 പ്രൊജക്റ്റുകളാണ് തയ്യാറാക്കിയത്. ഇതിൽ 101 പ്രൊജക്റ്റുകളിലായി ആകെ 22586071 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 141 | ആകെ അടങ്കൽ | 36935160 |
| നടപ്പിലാക്കിയത് | 101 | ചെലവ് | 22586071 |
| ശതമാനം | 71.6 | ചെലവ് ശതമാനം | 61.1 |

II) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1) ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ എഴുതാതെയാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ

എഴുതേണ്ടതാണ്.

VI) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/ 10.01.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻശ്രദ്ധിക്കേണ്ടതാണ്.

## 1-18 മൃഗാശുപത്രിക്ക് പ്രിന്റർ വാങ്ങൽ - സ്റ്റോക്ക് അപാകതകൾ

കൃഷി ഓഫീസർ 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം ലഭ്യമായ പ്രിന്റർ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിക്കുന്നില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം/തിയതി, തുക | പദ്ധതി , മറ്റ് വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|
| 15/21-22/0702.22-Rs.20018(മെസിന്റനൻസ് ഫണ്ട് നോൺ റോഡ്) | നം. 30/21-22, മൃഗാശുപത്രിക്ക് പ്രിന്റർ വാങ്ങൽ<br>കെൽട്രോൺ-ന്റെ പ്രോഫോമ ഇൻവോയ്സ് നം. 34322/02.02.2022 പ്രകാരം A4 മൾട്ടി ഫങ്ഷൻ പ്രിന്റർ ലഭ്യമാക്കുന്നതിനാണ് തുക അനുവദിച്ചത്.<br>സ്റ്റോക്ക് രജിസ്റ്റർ പേജ് 23ൽ 17.08.22 തിയതിയിൽ കെൽട്രോണിൽ നിന്നും HP Laserjet പ്രിന്റർ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. | സ്റ്റോക്ക് രജിസ്റ്ററിലോ പ്രിന്ററിലോ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ സ്റ്റോക്കിലെടുത്ത പ്രിന്റർ തന്നെയാണോ ടി പദ്ധതി പ്രകാരം ലഭ്യമായത് എന്നത് ഉറപ്പ് വരുത്താനാവുന്നില്ല.<br>പ്രിന്ററിന്റെ വാറണ്ടി വിവരങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല.<br>പ്രിന്ററിന്റെ വാറണ്ടി വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാറണ്ടി കാലയളവിൽ / സ്ഥാപിച്ച ഉടനെ തന്നെ ഉപകരണങ്ങൾ കേടായാൽ വാറണ്ടി ഉള്ളതാണോ എന്നത് അറിയാതെ പോകുകയും, ആയത് മാറ്റി പുതിയത് സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യാൻ ഇട വരുന്നതുമാണ്. |

പ്രിന്റർ / മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തി, രജിസ്റ്ററിൽ ഓരോ പ്രിന്ററുകൾക്കും / ഉപകരണങ്ങൾക്കും പ്രത്യേക പേജുകൾ അനുവദിച്ച് അതാത് ഉപകരണങ്ങൾ റിപ്പയർ/പാർട്സ് മാറ്റി വെക്കൽ നടത്തുമ്പോൾ ആ വിവരവും മാറ്റി വെക്കപ്പെട്ട ഉപകരണത്തിന്റെ വാറണ്ടി വിവരവും ടി പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 19/2021-22/10.01.2023ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സമർപ്പിക്കുന്നതാണ് എന്നറിയിച്ചു. തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 മെഡിക്കൽ ഓഫീസർ(എഫ് എച് സി) നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്റ്റുകളിൽ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (FHC) നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന് വിതരണത്തിന് മുൻകൂർ തുക KMSCL ന് നൽകിയെങ്കിലും മരുന്ന് നാളിതുവരെ പൂർണ്ണമായി ലഭ്യമായിട്ടില്ല.

1. എഫ്.എച്ച്.സി ഓടക്കയത്തിലേക്ക് മരുന്ന് വാങ്ങൽ [184/22]

| | |
|---|---|
| ഫണ്ട്/അടങ്കല് | 1200000/-(റോഡിതരം) |
| ചെലവ് | Rs.1199729/- |
| മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയ തുക | 530000/-(ബിൽ നം. 23/21-22 തിയതി 10.01.22) |

മേൽ പ്രൊജക്ട് പ്രകാരം ആകെ ചെലവ് 1199729/-രൂപയിൽ കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങിയതിന് ശേഷമുള്ള 530000/-രൂപ KMSCLന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം |
|---|---|

| | | |
|---|---|---|
| 530000/-<br>(പ്രൊഫോമ ഇൻവോയ്സ് നമ്പർ-PRF4472/29.12.21) | Inv No.8431/11.08.22 | 70091 |
| | Inv No.8714/20.08.2022 | 34722 |
| | Inv No.9278/25.08.2022 | 63772 |
| | Inv No.9564/27.08.22 | 12774 |
| | Inv No.10091/21.09.2022 | 58431 |
| | Inv No.10339/03.09.2022 | 9239 |
| | Inv No.11146/16.09.2022 | 27252 |
| | Inv No.11564/20.09.2022 | 44437 |
| | Inv No.12135/26.09.2022 | 12380 |
| | Inv No.14925/26.10.2022 | 6337 |
| | Inv No.16544/09.11.2022 | 18634 |
| | Inv No.17431/17.11.22 | 2271 |
| | Inv No.20004/14.12.22 | 4382 |
| | Inv No.20937/22.12.22 | 9423 |
| | Inv No.21958/03.01.23 | 21748 |
| | ആകെ | 395843 |
| ലഭ്യമാകാൻ അവശേഷിക്കുന്ന തുക | | 134157/- |

2 പരിരക്ഷാ പാലിയേറ്റീവ് കെയർപദ്ധതി [191/22]

| | |
|---|---|
| ഫണ്ട്/അടങ്കല് | 630000 (വികസന ഫണ്ട്), 100600/-(തനത് ഫണ്ട്) |
| ചെലവ് | Rs.668646/- |
| മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയ തുക | 91000/-(ബിൽ നം. 25/21-22 തിയതി 10.01.22) |

മേൽ പ്രൊജക്ട് പ്രകാരം നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|
| 91000/-<br>(പ്രൊഫോമ ഇൻവോയ്സ് നമ്പർ-PRF4481/29.12.21) | Inv No.8704/20.08.22 | 18629 |
| | Inv No.9266/26.08.2022 | 4215 |
| | Inv No.11137/16.09.2022 | 30543 |
| | Inv No.13064 /06.10.22 | 23344 |
| | Inv No.14859/25.10.2022 | 864 |
| | ആകെ | 77595 |
| ലഭ്യമാകാൻ അവശേഷിക്കുന്ന തുക | | 13405/- |

3)മാനസികാരോഗ്യ പരിചരണ പദ്ധതി [205/22]

| | |
|---|---|
| ഫണ്ട്/അടങ്കല് | 200000 (തനത് ഫണ്ട്) |
| ചെലവ് | Rs.199850/- |
| മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയ തുക | 126442/-( വൗച്ചർ നം. .22100876 തിയതി 10.01.22) |

മേൽ പ്രൊജക്ട് പ്രകാരം നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| തുക നൽകിയതിന്റെ വിവരം | മരുന്ന് ലഭിച്ചതിന്റെ വിവരം |
|---|---|

| | | |
|---|---|---|
| 126442/-<br>(പ്രൊഫോമ ഇൻവോയ്സ് നമ്പർ-PRF3975/09.12.21) | Inv No.11616/20.09.22 | 2446 |
| | Inv No.8928/22.08.2022 | 1179 |
| | Inv No.5002/25/06.2022 | 54069 |
| | ആകെ | 57694 |
| ലഭ്യമാകാൻ അവശേഷിക്കുന്ന തുക | | 68748/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 10/10.01.23) മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രൊജക്റ്റുകൾ പ്രകാരം അവശേഷിക്കുന്ന തുകകളുടെ മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഓടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് - ഓടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് മോഡുലാർ ഫാർമസി (204/22)

അടങ്കൽ- 200000/-(തനത് ഫണ്ട്)

ചെലവ്- 199850/- (വൗച്ചർ നമ്പർ--22100819/28.12.22)

പ്രൊജക്റ്റ് രേഖകൾ പരിശോധിച്ചതിൽ മേൽ പ്രൊജക്റ്റ് ക്വട്ടേഷൻ /ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം ARTCO മുഖേന ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങിയ സാധനങ്ങളുടെ (Invoice No. 310/14.12.21) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ASUB186-ALKON PANDA SHELVING BODY | 2 | 26771.84 |
| 2 | SUS600-SHELVES | 22 | 45092.52 |
| 3 | PSB605-PSB605 | 60 | 50039.32 |
| 4 | ASUKP-KICK PLATE | 4 | 1563.97 |
| 5 | PSBS-ALKON PANDA BIN S | 120 | 2279.76 |
| 6 | ASUB183-ALKON SHELVING BODY | 1 | 10904.03 |
| 7 | SUS300-SHELVES | 8 | 10344.35 |
| 8 | ASUKP-KICK PLATE | 8 | 3127.94 |
| 9 | ASUB3FT-SHELVING BODY | 2 | 11599.99 |
| 10 | SUS300-SHELVES | 14 | 18102.62 |
| 11 | PSB303-ALKON PANDA BINS | 72 | 18648.72 |
| 12 | PSBSALK-ALKON PANDA BIN | 72 | 1375.50 |

മേൽ പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ ആർട്ട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ( GO(RT) 27/2020/SPD Dt. 31.12.2020, GO(RT) 1/2021/SPD Dt. 05.01.2021 )

സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ സ്റ്റോർ പർചെയ്സ് ചട്ടം പ്രകാരം ക്വട്ടേഷൻ/ടെണ്ടർ മുഖേനയാണ് വാങ്ങേണ്ടത് എന്നും ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർട്ട്കോയിൽ നിന്നു നേരിട്ട് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ മേൽ വാങ്ങലുകൾക്ക് ബാധകമായ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കുകയോ ചെയ്യുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ കൊണ്ടാണ് ഇത്തരത്തിൽ പർചെയ്സ് നടത്തിയതെന്നും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആർട്ട്കോയിൽ നിന്ന് പർചെയ്സ് ചെയ്യുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 തെരുവു വിളക്കുകളുടെ പരിപാലനം - രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 2021-22 വർഷത്തിൽ ഗ്രാമപ്പഞ്ചായത്തിന്റെ തെരുവ് വിളക്ക് സംബന്ധിച്ച രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ

പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി .

1. തെരുവ് വിളക്ക് രജിസ്റ്റർ പൂർണ്ണമല്ല. പഞ്ചായത്തിൽ ആകെ നിലവിലുള്ള തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം (പോസ്റ്റ് നം, ഏരിയ, ലൈറ്റ് സ്പെസിഫിക്കേഷൻ ) രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്ന പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. റിപ്പയർ ചെയ്യുന്നതും, പുതുതായി സ്ഥാപിക്കുന്നതുമായ തെരുവ് വിളക്കുകൾ സ്ഥാപിച്ച തിയ്യതി, കരാർ പ്രകാരമുള്ള വാറണ്ടി / ഗ്യാരണ്ടി വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

തെരുവ് വിളക്കുകൾ സംബന്ധിച്ച മേൽ പരാമർശിക്കപ്പെട്ട രജിസ്റ്ററുകൾ / രേഖകൾ എന്നിവ വ്യക്തമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കാത്തത്കാരണം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ സമഗ്ര വിവരം മനസ്സിലാക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. കൂടാതെ പുതുതായി സ്ഥാപിക്കുന്നതും റിപ്പയർ ചെയ്യുന്നതുമായ വിളക്കുകൾ വാറണ്ടി / ഗ്യാരണ്ടി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് തന്നെ കേടാവുന്നുണ്ടെങ്കിൽ വാറണ്ടി / ഗ്യാരണ്ടി ആനുകൂല്യങ്ങൾ പഞ്ചായത്തിന് ഉപയോഗിക്കാൻ സാധിക്കാതെ വരുന്ന അവസ്ഥയും ഉണ്ടാവും.
തെരുവ് വിളക്ക് രജിസ്റ്ററിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരം ലഭ്യമല്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്ക് മുൻകൂർ തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച വിവരം, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ നൽകുന്നു

### 1-22-1 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ ( 289/22)

ഫണ്ട് – പ്ലാൻ ഫണ്ട് (ജനറൽ )
കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ എന്ന പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് ₹ 1700000 ( വൗച്ചർ നം 22101191/ 22.03.2022 ) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ മലപ്പുറം ന് മുൻകൂറായി ഒടുക്ക് വരുത്തിയിട്ടുണ്ട്.

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ GO(MS) 11/2018/LSGD Dt 29.01.2018 പ്രകാരം കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികൾക്ക് സ്ഥാപനവുമായി കരാർ ചമച്ച ശേഷം മുൻകൂർ പണം നൽകാനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. കാടാതെ വാട്ടർ അതോറിറ്റിയുമായി കരാർ ചമക്കാതെയാണ് മുൻകൂർ തുക നൽകുകയും ചെയ്തത് .

പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്തിന് നൽകിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 12/10.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചത്.

സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെ പ്രവൃത്തിക്ക് പണം നൽകിയതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത്‌വരെ പ്രവൃത്തിക്ക് നൽകിയ ₹ 1700000 ചെലവ് തടസ്സം ചെയ്യുന്നു.

### 1-22-2 ഊർങ്ങാട്ടിരി മൃഗാശുപത്രിക്ക് കുഴൽകിണർ (260/22 )

ഊർങ്ങാട്ടിരി മൃഗാശുപത്രിക്ക് കുഴൽകിണർ എന്ന പ്രൊജക്ട് പ്രകാരം മൃഗാശുപത്രിക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് ₹ 47426 ( വൗച്ചർ നം 22100718/ 26.10.2021 ) മുൻകൂറായി ഗ്രൗണ്ട്‌വാട്ടർ ഡിപ്പാർട്ട്മെന്റ് മലപ്പുറം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ GO(MS) 11/2018/LSGD Dt 29.01.2018 പ്രകാരം കേരള ഭൂജല വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികൾക്ക് സ്ഥാപനവുമായി കരാർ ചമച്ച ശേഷം മുൻകൂർ പണം നൽകാനാണ് അനുമതി നൽകിയിട്ടുള്ളത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാർ ചമച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്തിന് നൽകിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 14/10.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച ബിൽ തയ്യാറാക്കി ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത്‌വരെ പ്രവൃത്തിക്ക് നൽകിയ ₹ 47426 ചെലവ് തടസ്സം ചെയ്യുന്നു.
പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജറാക്കേണ്ടതാണ്.

## 1-23 PMAY വിഹിതം- ഉപയോഗിക്കാത്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമല്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ PMAY വിഹിതം അടവാക്കൽ പ്രൊജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയിൽ വിനിയോഗിക്കാതെ ബാക്കിവന്ന തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ നൽകുന്നു. .

### 1-23-1 PMAY വിഹിതം അടവാക്കൽ (ജനറൽ)- 304/22

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ PMAY വിഹിതം അടവാക്കൽ (ജനറൽ)- 304/22 എന്ന പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഒടുക്ക് വരുത്തിയ ₹ 630,000 (വൗച്ചർ നം 22101371/ 08.03.2022 ) ൽ ₹ 140000 ചെലവഴിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (E.1147/ 2021 Dt 19.04.2021 ). ചെലവഴിക്കാതെ ബാക്കിവന്ന ₹ 490,000 തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 27/ 12.01.2023 )മറുപടി ലഭ്യമാക്കിയെങ്കിലും തുക തിരിച്ചടച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാത്ത തുക തിരിച്ചടച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത്വരെ ₹ 490000 ചെലവ് തടസ്സം ചെയ്യുന്നു.

തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-23-2 PMAY വിഹിതം അടവാക്കൽ (SC) 305/22

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ PMAY വിഹിതം അടവാക്കൽ (ജനറൽ)- 304/22 എന്ന പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഒടുക്ക് വരുത്തിയ ₹ 420,000 (വൗച്ചർ നം 22101372/ 08.03.2022 ) ൽ ₹ 140000 ചെലവഴിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (E.1147/ 2021 Dt 19.04.2021 ). ചെലവഴിക്കാതെ ബാക്കിവന്ന ₹ 280,000 തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 27/ 12.01.2023 )മറുപടി ലഭ്യമാക്കിയെങ്കിലും തുക തിരിച്ചടച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാത്ത തുക തിരിച്ചടച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത്വരെ ₹ 280000 ചെലവ് തടസ്സം ചെയ്യുന്നു.

തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-24 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - വിഹിതം അടവാക്കൽ (343/22 )- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

2021-22 ൽ സെക്രട്ടറി നിർവഹണം നടത്തിയ ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - വിഹിതം അടവാക്കൽ (343/22 ) എന്ന പ്രൊജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് ഗ്രാമപ്പഞ്ചായത്ത് വിഹിതമായി ₹ 265000 ( വൗച്ചർ നം 22101477/ 07.02.2022 ) സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം , നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത്വരെ ഈ ഇനത്തിലെ ചെലവ് ₹265000 തടസ്സം ചെയ്യുന്നു.

### 1-25 സ്ട്രീറ്റ് ടാപ്പ്- വാട്ടർ ചാർജ്ജ് കുറക്കുന്നതിന് നടപടി സ്വീകരിക്കണം

2021-22 വർഷത്തിൽ ഗ്രാമപ്പഞ്ചായത്തിൽ ആകെ 158 സ്ട്രീറ്റ് വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ ₹ 872553 കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്.

സ്ട്രീറ്റ് ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6/ 05.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയും ഗ്രാമപ്പഞ്ചായത്തും നടത്തിയ സംയുക്ത പരിശോധനറിപ്പോർട്ട് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഈ റിപ്പോർട്ട് പ്രകാരം ആകെ 158 ടാപ്പുകളിൽ 76 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായത് എന്ന് വാട്ടർഅതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ 76 എണ്ണത്തിൽ ഉൾപ്പെട്ട 13 ടാപ്പുകൾ ഉപയോഗിക്കാത്തത് / ദുരുപയോഗം ചെയ്യുന്നത് ആണ് എന്നും ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

ആകെ 63 സ്ട്രീറ്റ് വാട്ടർ ടാപ്പുകൾ മാത്രമാണ് പഞ്ചായത്ത് പ്രദേശത്ത് നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നത് എന്നാണ് മേൽ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നത്.

മേൽ പരാമർശിക്കപ്പെട്ട പരിശോധനാറിപ്പോർട്ടിൽ ഉപയോഗിക്കാത്തത് / ദുരുപയോഗം ചെയ്യുന്നത് എന്ന് കണ്ടെത്തിയ 13 വാട്ടർ ടാപ്പുകൾ കൂടി ഒഴിവാക്കി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വാട്ടർ ടാപ്പുകൾക്ക് മാത്രമാണ് പണം നൽകുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിൽ ജലനിധി, ജലജീവൻ മിഷൻ പദ്ധതികൾ പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ സ്ട്രീറ്റ് ടാപ്പുകൾ അനിവാര്യമാണോ എന്നത് സംബന്ധിച്ച് പഞ്ചായത്ത് സമഗ്രമായ പഠനം നടത്തി

അനിവാര്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/05.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ 2011-12 വരെയുള്ള ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് കത്ത് നൽകി എന്നാണ് അറിയിച്ചത്. മേൽ കാലയളവിന് ശേഷമുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുക എന്നത് പഞ്ചായത്തിന്റെ ചുമതലയായിരുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ നാളിതുവരെയുള്ള ഓഡിറ്റ് പരാമർശങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 നമ്പർ നൽകിയ കെട്ടിടങ്ങൾ - പഞ്ചായത്ത് രേഖയിൽ ഇല്ല

ഊർങ്ങാട്ടിരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കെട്ടിട നമ്പർ ഉണ്ടായിട്ടും പഞ്ചായത്ത് രേഖയിൽ ഇല്ലാത്ത കെട്ടിടങ്ങൾ ഉള്ളതായി 14.07.2021 ലെ ഭരണസമിതി യോഗത്തിൽ മെമ്പർ റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ പഞ്ചായത്ത് തീരുമാനത്തിൽ നിന്ന് താഴെ പരാമർശിക്കുന്ന രണ്ട് അപാകതകൾക്കുള്ള സാധ്യതകളാണ് ഓഡിറ്റ് കണ്ടെത്തിയത്.

1.പഞ്ചായത്തിൽ നിന്ന് നിയമപ്രകാരം കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയി.

2.പഞ്ചായത്തിൽ നിയമപ്രകാരം കെട്ടിട നമ്പർ അനുവദിക്കാത്ത കെട്ടിടങ്ങൾക്ക് തെറ്റായി കെട്ടിട നമ്പർ പതിച്ചു നൽകി.

പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 28/12.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

നമ്പർ നൽകിയ കെട്ടിടങ്ങൾ പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്ററിൽ ഇല്ല എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇത്തരത്തിൽ നമ്പർ നേടി അസസ് മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്തി ഇത്തരം കെട്ടിടങ്ങളുടെ നമ്പറിന്റെ സാധുത പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ മുഴുവൻ ആസ്തിയും ഉൾപ്പെട്ടിട്ടില്ല എന്ന് ഗ്രാമപ്പഞ്ചായത്ത് മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായി.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയായ 28 റോഡുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നും അത് ആസ്തിയിൽ ഉൾപ്പെടുത്തണമെന്നും 14.07.2021 ലെ ഭരണ സമിതി യോഗം തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. റോഡുകൾ അല്ലാതെ മുൻകാലങ്ങളിൽ പഞ്ചായത്തിന് വിട്ടു കിട്ടിയതും പഞ്ചായത്ത് ആർജ്ജിച്ചതുമായ മറ്റ് ആസ്തികളും ഇത്തരത്തിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ ഉണ്ടാകാൻ സാധ്യതയുണ്ട്.

പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും കണ്ടെത്തി അവയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് തന്നെയാണ് എന്ന് ഉറപ്പു വരുത്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ സമഗ്രമായി പരിഷ്കരിച്ച് കുറ്റമറ്റരീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

ICDS സൂപ്പർവൈസറുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. 2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല.
4. കാഷ്ബുക്ക് ദിനേനയുള്ള രേഖപ്പെടുത്തലുകൾ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ICDS സൂപ്പർവൈസറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400001158 നമ്പർ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ യഥാസമയം കാഷ്ബുക്കിൽ ചേർത്തിട്ടില്ല. ലഭ്യമാക്കിയ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 31.03.20222 ന് ₹433224 നീക്കിയിരുപ്പുണ്ട്. ഇത് കാഷ്ബുക്കിൽ എഴുതിയിട്ടുണ്ടെങ്കിലും അതിന്റെ വിശദ വിവരം ലഭ്യമല്ല.
6. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.
   കാഷ്ബുക്ക് പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതും , അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അർഹരായവർക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.
   അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/12.01.2023 ) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-30 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ.

ICDS സൂപ്പർവെസർ നിർവഹണം നടത്തിയ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം പ്രൊജക്ടുകളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) പദ്ധതിയുടെ ഭാഗമായി വിവിധ കുടുംബശ്രീ യൂനിറ്റുകളും, മാവേലി സ്റ്റോറും പഞ്ചായത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുമായൊന്നും പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

2) പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

3) പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വ്യത്യസ്ത കുടുംബശ്രീ യൂനിറ്റുകളാണ് ഉത്പാദിപ്പിച്ചിരിക്കുന്നത്. ഒരേ പേരിൽ വ്യത്യസ്ത കുടുംബശ്രീ യൂനിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഈ ഭക്ഷ്യസാധനങ്ങളുടെ നിർമ്മാണം എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച സർക്കാർ അംഗീകൃത ലാബിൽ പരിശോധനക്ക് ലഭ്യമാക്കണം ( Standardisation )

5) 2021-22 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത ന്യൂട്രിമാം, ഗ്രാവി പ്രോ എന്നീ ഭക്ഷ്യ സാധനങ്ങൾക്ക് കിലോ ഗ്രാമിന് വ്യത്യസ്ത നിരക്കിൽ വിലയീടാക്കിയതായി കാണുന്നു.

| ന്യൂട്രിമാം | കുറിപ്പ് |
|---|---|
| @ 350/ Kg (നികുതി കൂടാതെ) | സഞ്ജീവനി ന്യൂട്രിമിക്സ് യൂനിറ്റിന്റെ 10.04.2021 ലെ ഇൻവോയ്സ് (പേജ് നം 2 വിതരണ രജിസ്റ്റർ) |
| @ 325/ Kg (നികുതി കൂടാതെ) | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂനിറ്റിന്റെ 04.06.2021 ലെ ഇൻവോയ്സ് (പേജ് നം 4 വിതരണ രജിസ്റ്റർ) (30.06.2021 Also) |
| @ 250/ Kg (നികുതി കൂടാതെ) | പ്രശാന്തി ന്യൂട്രിമിക്സ് യൂനിറ്റിന്റെ 22.10.2021 ലെ ഇൻവോയ്സ് (പേജ് നം 16 വിതരണ രജിസ്റ്റർ) |
| @ 238.10/Kg (നികുതി കൂടാതെ) | ഹെൽത്തി&സ്വാദിഷ് ന്യൂട്രിമിക്സ് യൂനിറ്റിന്റെ 29.12.2021 ലെ ഇൻവോയ്സ് (പേജ് നം വിതരണ രജിസ്റ്റർ) |

| ഗ്രാവി പ്രോ | കുറിപ്പ് |
|---|---|
| @ 325/ Kg (നികുതി കൂടാതെ) | ജാംസ് ഗ്രൂപ്പ് ന്യൂട്രിമിക്സ് യൂനിറ്റിന്റെ 12.03.2021, 13.04.2021 ലെ ഇൻവോയ്സ് (പേജ് നം 2 വിതരണ രജിസ്റ്റർ) |
| @ 300/ Kg (നികുതി കൂടാതെ) | പുലരി ന്യൂട്രിമിക്സ് യൂനിറ്റിന്റെ 04.06.2021,30.06.2021 ലെ ഇൻവോയ്സ് (പേജ് നം 4 വിതരണ രജിസ്റ്റർ) |
| @ 250/ Kg (നികുതി കൂടാതെ) | പുലരി ന്യൂട്രിമിക്സ് യൂനിറ്റിന്റെ 30.10.2021 ലെ ഇൻവോയ്സ് (പേജ് നം 14 വിതരണ രജിസ്റ്റർ) |
| @ 238.10/Kg (നികുതി കൂടാതെ) | പുലരി ന്യൂട്രിമിക്സ് യൂനിറ്റിന്റെ 28.12.2021 ലെ ഇൻവോയ്സ് (പേജ് നം വിതരണ രജിസ്റ്റർ) |

ഒരേ വർഷത്തിൽ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ഇത്തരത്തിൽ വ്യത്യസ്ത വിലകൾ ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതും , ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവയ്ക്ക് നൽകാവുന്ന വില സർക്കാർ അംഗീകരിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഭക്ഷ്യധാന്യ വിതരണത്തിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/ 12.01.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2021-22 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) അംഗൻവാടികൾ സ്മാർട്ട് ആക്കൽ ( 365/22 )

ചെലവ് - ₹ 631190 ( Bill No )

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | Students Table 19x19x19 | 74 Nos @700 | 61124.00 |
| 2 | Round Table 100 Cm Dia | 50 Nos<br>@5623 | 331757 |
| 3 | Student Chair | 413 Nos<br>@ 489 | 238309.26 |
| | | | 631190 |

2021-22 സാമ്പത്തിക വർഷത്തിന്റെ അവസാന സമയത്ത് 03/2022 ന് അംഗീകാരം ലഭിച്ച പ്രൊജക്ട് ടെണ്ടർമുഖേന നടപ്പാക്കിയാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് പൂർത്തീകരിക്കാൻ സാധിക്കാതെ ഫണ്ട് ലാപ്സ് ആകും എന്ന

കാരണത്താലാണ് നേരിട്ട് ആർട്ട്കോയിൽ നിന്ന് വാങ്ങിയത് എന്നാണ് ഈ അപാകത പരാമർശിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

നിർവഹണോദ്യോഗസ്ഥയുടെ മറുപടി താത്കാലികമായി അംഗീകരിക്കുന്നു. പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 59458 | പച്ചക്കറികൃഷി കൂലിച്ചെലവ് സബ്സിഡി ( 28/22) | 59458 | 0 |
| | 276000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം | 276000 | 0 |
| | 225000 | ലൈഫ് ഭവനപദ്ധതി ഭൂമി വാങ്ങൽ(എസ് സി)-323/22 | 225000 | 0 |
| | 170000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (27/22) | 170000 | 0 |
| ജില്ലാ പഞ്ചായത്ത് | 1000000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ( 20/22) | 1000000 | 0 |
| | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ( 36/22) | 300000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 360/22വൈദ്യുതീകരണത്തിന് കെ എസ് ഇ ബി ക്ക് പണം അടവാക്കൽ | 42100292/31.03.22-30361<br>22101400-<br>/31.03.22-31380<br>221011198/31.03.22-30561 | 92502 | 30561 | 61941 |

| | | | | | |
|---|---|---|---|---|---|
| KWA | 189/22 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22101191/21.03.2022 | 1700000 | 0 | 1700000 |
| GWD | 260/22മൃഗാശുപത്രിക്ക് കുഴൽ കിണർ | 22100718/26-10-2021 | 47426 | 0 | 47426 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 0 | 4880681 | 953334 | 0 | 3927347 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ ആണ് |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | നിയമസഭാ സമിതിയുടെ പരിഗണനയിൽ ആണ് |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | നിയമസഭാ സമിതിയുടെ പരിഗണനയിൽ ആണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1999-00 | 24,25(1),(2) | ശ്രീ.വേലായുധൻ, ജൂനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് | LF4256/ Spl.Cell(SC5) /06/19.05.08 | 13700/- | -- | -- | -- | -- | -- | 13700/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 34708306.71 |
| ഓഡിറ്റ് വർഷത്തെ വരവ് | 120082742 |
| ആകെ | 154791048.71 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108462821 |
| നീക്കിയിരിപ്പ് | 46328227.71 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2782426 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22-1 | 1700000 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |
| 1-22-2 | 47426 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |
| 1-23-1 | 490,000 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |
| 1-23-2 | 280,000 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |
| 1-24 | 265,000 | ശ്രീമതി ഇ.ആർ. ഓമന അമ്മാൾ, സെക്രട്ടറി |
| ആകെ | 2782426 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | | ഇല്ല. | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | കെ..എസ്. എ.എം.പി.എം.6 /1594/2019 തി.12.08.2020 | 1 | |
| 1988-89, | കെ.എസ്.എ.എം.പി.എം.6/ 3044/2016 | 2 | |

| | | | |
|---|---|---|---|
| 1989-90<br>1990-91 | തി.21.11.2018 | | |
| 1991-92 | കെ.എസ്.എ.എം.പി.എം.6/ 1594/2019 തി.12.08.2020 | 4 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ .എഫ്.എം.9/ 193/05 തി.4.06.2005 | 7 | |
| 1996-97 | എൽഎഫ്.എം.6/3044/2016 തി.21.11.2018 | 12 | |
| 1997-98 | കെ.എസ്.എ.എം.പി.എം.19/2796/2015 തി.28.02.2016 | 5 | |
| 1998-99 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 17 | |
| 1999-00 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 14 | |
| 2000-01<br>2001-02 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 19 | |
| 2003-04 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 4 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 14 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 15 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 9 | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 10 | |
| 2010-11 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 8 | |
| 2011-12,<br>2012-13 | കെ.എസ്.എ.എം.പി.എം.6/ 2646/2018 തി.06.12.2018 | 9 | |
| 2013-14,<br>2014-15 | കെ..എസ്.എ.എം.പി.എം.6/483/2016 തി:23.2.2018 | 19 | |
| 2015-16 | കെ..എസ്.എ.എം.പി.എം.6 /2736/2017 തി:31.03.2018 | 20 | |
| 2016-17 | കെ..എസ്.എ.എം.പി.എം.6/2170/2017 തി:09.07.2018 | 17 | |
| 2017-18 | കെ..എസ്.എ.എം.പി.എം.6/13/2019 തീ: 23-05-19 | 20 | |
| 2018-19 | കെ..എസ്.എ.എം.പി.എം.6/17/2020 തീ: 30.06.2020 | 14 | |
| 2019-20 | കെ..എസ്.എ.എം.പി.എം.6/1620 /2021 തീ:24-11-2022 | | |
| 2020-21 | കെ..എസ്.എ.എം.പി.എം.6/1621/2021 തീ:02-12-2022 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

എം.എ.2/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്